കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വരന്തരപ്പിള്ളി പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(P6)-2228/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020 തിയ്യതി 17.01.2017
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-2 ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ടി.എസ്.ആർ(P6)-2228/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020 തിയ്യതി 17.01.2017
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-03-2016 മുതൽ 31-03-2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു. ചേക്കുട്ടി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-12-2016മുതൽ 08-12-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശിവദാസൻ .എ.കെ.<br>അസി.ഓഡിറ്റ് ഓഫീസർ |
| | പ്രശാന്ത്.ടി.ജി<br>അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ.കെ.സി.<br>സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീജ കെ.ടി<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഓമന. | 01-04-2015 മുതൽ 31-10-2015 വരെ |
| | അഡ്ഹോക് കമ്മിറ്റി. | 1-11-2015 മുതൽ<br>18-11-2015 വരെ |
| | ശ്രീ.ഔസേഫ്. ചെരടായി. | 19-11-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| | | |
| സെക്രട്ടറി | ശ്രീമതി. എസ്. കൃഷ്ണകുമാരി. | 20-01-2015 മുതൽ<br>21-07-2015 വരെ. |
| | ശ്രീമതി.എം.ആർ.അജിത (അസി.സെക്രട്ടറി.) | 21-07-2015 മുതൽ<br>27-07-2015 വരെ. |
| | ശ്രീ.കെ.പി.പ്രഭാകരൻ. | 27-07-2015 മുതൽ<br>04-02-2016 വരെ. |
| | ശ്രീ.എം.കെ.ദിനേഷ്. | 05-02-2016 മുതൽ<br>27-07-2016 വരെ. |
| അസി.സെക്രട്ടറി | ശ്രീമതി.എം.ആർ.അജിത | 1-4-2015മുതൽ18-8-2015 വരെ |
| | എൻ.പി.രാജു | 19-8-2015മുതൽ 11-9-2015 വരെ |
| | എം.കെ.ദിനേശ് | 11-9-2015മുതൽ 31-3-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഹെഡ്മിസ്ട്രസ്<br>ജി.ടി.എസ്.എച്ചിപ്പാറ | ശ്രീമതി.മേരി ഡമസീന. | 01.04.15 മുതൽ<br>31.03.16 വരെ |
| മെഡിക്കൽ ഓഫീസർ<br>പ്രൈമറി ഹെൽത്ത് സെന്റർ വരന്തരപ്പിള്ളി | ഡോ. സുനിത.വി.എം. | 01.04.15 മുതൽ<br>11-01-16 വരെ |
| -ടി- | ഡോ.സുഷിൻ സുന്ദരൻ | 11-01-16 മുതൽ<br>31.03.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫിസർ ഇൻചാർജ്ജ് എൻ.ആർ.എച്ച്.എം. ഹോമിയോ . | ഡോ.ഇ.എം.അജിത് രാജ്. | 01-04-15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫിസർ ഇൻചാർജ്ജ് ആയുർവേദ ഡിസ്പെൻസറി | ഡോ.ഷീജ.സി.യു. | 01-04-15 മുതൽ 31.03.16വരെ. |
| കൃഷി ഓഫിസർ | സതീശൻ.കെ.കെ. | 01.04.15മുതൽ 31-03-16വരെ |
| വെറ്ററിനറി സർജൻ | ഡോ. രമ്യ എം.എ. | 01.04.15 മുതൽ 31.03.16 വരെ |
| വില്ലേജ് എക്സ്റ്റ്ഷൻ ഓഫീസർ | സജീഷ്.പി.എ. | 01.04.15 മുതൽ 31.03.16 വരെ |
| | തനൂജ.കെ.എം. | 01.04.15 മുതൽ 31.03.16 വരെ |
| | സുധ.പി.വി. | 01.04.15 മുതൽ 31.05.16 വരെ |
| അസി.എൻജിനീയർ | ദിവ്യ ഗോപിനാഥൻ. | 01.04.15 മുതൽ 31.03.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഇഷാ മുരളി | 01.04.15 മുതൽ 31.03.16 വരെ. |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നാരായണിക്കുട്ടി. | 01.04.15 മുതൽ 07-08-15 വരെ |
| | ശ്രീമതി. സതി പി.ആർ | 07.08.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | ക്വാറി ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 2-1 |
| 13 | പഞ്ചായത്തിന്റെ പരിധിയിൽ നടത്തുന്ന അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. | 2-2 |
| 14 | പെർമിറ്റിനു പകരം എൻ.ഒ.സി അനുവദിച്ചു . | 2-3 |
| 15 | ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 2-4 |
| 16 | അധിക ഫീസ് ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 17 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിനിയോഗം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-1 |
| 18 | മീഡിയാശ്രീ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി മുഴുവൻ തുകയും നൽകി | 3-2 |
| 19 | കുഴൽകിണർ നിർമ്മാണം പൂർത്തിയാക്കിയതിന് രേഖ ഹാജരാക്കിയിട്ടില്ല | 3-3 |
| 20 | തെരുവുവിളക്കുകളുടെ പരിപാലനം- പദ്ധതിനടത്തിപ്പിലെ അപാകതകൾ | 3-4 |
| 21 | എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി- പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മാത്രം നൽകേണ്ട ആനുകൂല്യം താഴെയുള്ള ക്ലാസ്സുകാർക്കും നൽകി .. | 3-5 |

| | | |
|---|---|---|
| | | |
| 22 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 3-6 |
| 23 | ഐ.എ.വൈ വിഹിതം ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയതിന് കൈപ്പറ്റ് രേഖയില്ല | 3-7 |
| 24 | റിലിങ്ക്വിഷ് മെന്റ് ചെയ്ത ഭൂമി പഞ്ചായത്തിന്റെ അധീനതയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 3-8 |
| 25 | മരാമത്തു പ്രവർത്തികൾ പൂർത്തിയാക്കാൻ ബാക്കി നില്ക്കുന്നു | 3-9 |
| 26 | തൊഴിലുറപ്പു പദ്ധതി പ്രത്യേക അവലോകനം (2015-16 വർഷം) | 3-10 |
| 27 | ആശ്രയ പദ്ധതി വിലയിരുത്തൽ . | 3-11 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പൊസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 32 | ഓഡിറ്റ് റിക്കവറി | 4-5 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-2015 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 03-08-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1.ആസ്തി ബാധ്യത റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
2.പിരിഞ്ഞുകിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ നല്കിയിട്ടില്ല.
3.മുൻവർഷം ലഭിച്ച സി എഫ് സി ഗ്രാന്റ് ഡെവലപ്പ്മെന്റ് ഗ്രാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4.SFC പത്രിക റെക്കോഡുമായി ഒത്തുനോക്കി പൊരുത്തപ്പെടുന്നില്ല-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 45812970

വരവ് – 50565650

ആകെ -96378620

ചെലവ് -73293986

നീക്കിയിരിപ്പ്-23084634

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7328095 | 0 | 7328095 | 16302403 | 10954232 |
| വികസനഫണ്ട് എസ്.സി.പി. | 4233125 | 3041046 | 7274171 | 4587039 | 2687132 |
| വികസനഫണ്ട് ടി.എസ്.പി. | 116262 | 219850 | 336112 | 219850 | 116262 |
| സംരക്ഷണഗ്രാന്റ് റോഡ് | 4172223 | 13704103 | 17876326 | 17762692 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 577394 | 2617514 | 3194908 | 3194908 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4511128 | 6167004 | 10678132 | 6493413 | 4184719 |
| എം എൻ ആർ ജി എസ് | 0 | 16185446 | 16185446 | 16182233 | 3213 |
| ലോകബാങ്ക് | 5468465 | 1905763 | 7374228 | 3408109 | 3966119 |

| |
|---|
| വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. S.F.C. പത്രിക അംഗീകരിച്ചിട്ടില്ല. |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 315 | 130704528 | 226 | 54750411 | 03 | 86 | 41.88 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 59.31ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1869330 | 1833010 | (-)36320 | -1.94 |
| നികുതിയേതര വരവുകൾ | 39842120 | 15157430 | 24684690 | -61.95 |
| മറ്റുവരവുകൾ | 109734 | 25732 | 84002 | -76.55 |
| ആകെ | 41821184 | 17016172 | 24805012 | -59.31 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 348600 | 179 |
| കർഷകതൊഴിലാളി പെൻഷൻ | 6282120 | 742 |
| വിധവാപെൻഷൻ | 13309120 | 1491 |
| വാർദ്ധക്യകാലപെൻഷൻ | 16863150 | 2865 |
| വികലാംഗപെൻഷൻ | 3951965 | 405 |
| അവിവാഹിത പെൻഷൻ | 1604080 | 168 |
| വിവാഹധനസഹായം | 240000 | 08 |

# 1-9 ക്യാഷ് വെരിഫിക്കേൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05/12/2016 3-15 pm ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 33783 രൂപ ക്യാഷ്ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ പരിശോധന

1.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ, ഇൻക്യൂംബൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-11-2016 | 2016 ഒക്ടോബർ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-12-2006 | 2002-03 | 14-09-2009 |

# ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>ക്വാറി ലൈസൻസ് നൽകുന്നതിലെ അപാകതകൾ</u>

2015-16 ൽ കരിങ്കൽ ഖനനത്തിനു ലൈസൻസ് അനുവദിച്ച താഴെ നൽകിയിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി, എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി തുടങ്ങിയവ സാമ്പത്തികവർഷത്തിന്റെ ഇടയിൽ അവസാനിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | അപേക്ഷകന്റെ / സ്ഥാപനത്തിന്റെ പേര് | അപേക്ഷ നം / തിയതി | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി അവസാനിക്കുന്ന തിയതി | മൈനിംഗ്& ജിയോളജി വകുപ്പിന്റെ അനുമതി (Lr. Of intend ന്റെ തിയതി) അവസാനിക്കുന്ന തിയതി | സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള അനുമതി അവസാനിക്കുന്ന തിയതി | | സർവ്വേ നം. / വിസ്തീർണ്ണം (പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം) |
|---|---|---|---|---|---|---|---|
| | | | | | ഫോം LE3 | ഫോം LE 10 short fire certificate | |
| 1 | ടി.ടി മൈക്കിൾ താഴത്തേൽ വീട് | A1-3208/ 7.5.15 | 01/07/15 | 22/04/15 | 31/03/16 | 14/07/15 | 399/12 1.6161 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഹെക്ടർ |
| 2 | സി.എ അഷ്റഫ് പന്തല്ലൂക്കാരൻ ഗ്രാനൈറ്റ്സ് | A1-1351/ 20.2.15 | 23/12/15 | - | 31/03/17 | 07/12/15 | 436 1.1534 ഹെക്ടർ |
| 3 | പി.എൻ പവിത്രൻ pee yar quary works | A1-3381/ 14.5.15 | 31/07/15 | 27/04/15 | 31/03/16 | 28/03/17 | 859/1 .4412 |
| 4 | ജനാർദ്ദനൻ പുതിയ മഠത്തിൽ ക്വാറി | A1-3747/ 30.5.15 | 30/11/15 | 18/05/15 | 31/03/16 | 14/07/15 | 479/ (BL16/1) |
| 5 | ജോസഫ് പടിഞ്ഞാറേ പുത്തൻ പുരക്കൽ | A1-3806/ 2.6.15 | 30/11/15 | 18/05/15 | 31/03/16 | 12/08/15 | 535/ 1.7284 |
| 6 | വി.വി പോൾ റോക്ക് ഫീൽഡ് ഗ്രാനൈറ്റ്സ് | A1-8795/ 17.12.15 | 30/11/15 | - | 14/09/17 | - | 843/6,7,8,9 .3440 ഹെക്ടർ |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ഇ.എൻ ഷാജൻ<br>ശക്തി മെറ്റൽസ് | A1-2854/ 2.4.15 | 30/06/17 | QP dtd5.2.2008 | ഇല്ല | - | 149/1,2,3<br>150/3,5<br>1151/ 1,7,3 |
| 8 | സിജോ സി.ജി<br>ചെരപറമ്പൻ വീട് | A1-2025/ 13.3.15 | 30/11/17 | Q Lease | 31/03/17 | ഇല്ല | 436P<br>.3845<br>.3359 ഹെക്ടർ |
| 9 | പരമേശ്വരൻ<br>വെട്ടിയാടൻ ഹൗസ് | A1-3829/ 3.6.15 | 31/01/17 | 28/05/15 | 31/03/16 | 14/07/15 | 399/3<br>.6505 |
| 10 | ഇ.എം സണ്ണി<br>മാനേജിംഗ് പാർട്ണർ<br>വിക്ടറി ഗ്രാനൈറ്റ്സ് | A1-1932/ 10.3.15 | 28/02/17 | 25/06/17 | 31/03/19 | 31/03/13 | 419P<br>1.2303 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് ( എൻക്വയറി നം.2)നിരാക്ഷേപ പത്രങ്ങളുടെ കാലാവധിവരെയേ ലൈസൻസ് അനുവദിക്കാറുള്ളു എന്നും പിന്നീട് കാലാവധിയുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നമുറയ്ക്ക് ലൈസൻസ് നീട്ടിനൽകുകയാണ് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ കാലാവധിയുള്ള നിരാക്ഷേപപത്രങ്ങൾ ഹാജരാക്കി തുടർന്നുള്ള മാസങ്ങളിലേക്ക് ലൈസൻസ് അനുവദിച്ചതായോ, ഈ കാലയളവിൽ ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നതു തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

അനധികൃത - ക്വാറി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(എൻക്വയറി നം.2)

ശ്രീ. വി.വി പോൾ, റോക്ക് ഫീൽഡ് എസ്റ്റേറ്റ് എന്നവർക്ക് 2014-15 ൽ പാറമടയ്ക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത് 1.4.2014 മുതൽ 9.2.2015( ലൈസൻസ് നം.193/2014-15) വരെയാണ്. തുടർന്ന് 2015-16 ലേക്ക് ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷനൽകിയിരിക്കുന്നത് 17.12.2015 തിയതിയിലാണ് . തൃശ്ശൂർ ജില്ലാ കളക്ടറുടെ 26.9.2015 ലെ ആർ.ബി 6- 57903 /2015 നമ്പർ കത്തിൽ പഞ്ചായത്തിൽ ഈ പാറമട ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെങ്കിൽ ആയതിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള നടപടി 3ദിവസത്തിനകം സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് ലൈസൻസ് ഇല്ലാതെ പാറമട പ്രവർത്തിക്കുന്നതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2015-16 ലെ ലൈസൻസിനായി 17.12.2015 തിയതിയിൽ സമർപ്പിച്ച അപേക്ഷയ്ക്ക് (അപേക്ഷ നം. 8795/17.12.15) ലൈസൻസ് അനുവദിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് (31.12.15തിയതിയിലെ 39-ാം നമ്പർ തീരുമാനം) . തുടർന്ന 4.3.2016ൽ 2015-16വർഷത്തേക്കുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട് (രസീതി നം1150105840) എങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. 2015-16ൽ ഈ ക്വാറി ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നത്.

പഞ്ചായത്തിന്റെ പരിധിയിലുള്ള ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നിയമാനുസൃതമായ നടപടികൾ ഉറപ്പാക്കേണ്ടതാണ്. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതും, അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നത് തടയുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതുമാണ്.

# 2-2 പഞ്ചായത്തിന്റെ പരിധിയിൽ നടത്തുന്ന അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ "ചട്ടം 20- പ്രകാരം അനധികൃതമായി ആരംഭിച്ചതോ, നടന്നുകൊണ്ടിരിക്കുന്നതോ, പൂർത്തിയായതോ ആയ നിർമ്മാണങ്ങളിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ പൊളിച്ചുകളയുകയോ ചെയ്യാൻ സെക്രട്ടറിക്കുള്ള അധികാരങ്ങൾ "പ്രകാരം " ചട്ടം 134 ൽ - ചില നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള സെക്രട്ടറിയുടെ അധികാരം ഇത്തരം നിർമ്മാണങ്ങൾ കണ്ടുപിടിക്കുകയും തടയുകയും ഈ ചട്ടങ്ങൾ പ്രകാരം മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വത്തിൽ നിന്നും സെക്രട്ടറിയെ വിമുക്തനാക്കുന്നില്ല". എന്ന് വ്യക്തമായി ചേർത്തിട്ടുണ്ട്.എന്നാൽ കെട്ടിട നിർമ്മാണ അനുമതി നേടാതെ നടത്തുന്ന അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

1) ശ്രീ.സ്റ്റാൻലി എ. ആന്റണിയുടെ ഉടമസ്ഥതയിലുള്ള രചന ഹോട്ടലിന് 2014-15, 2015-16,2016-17 വർഷങ്ങളിൽ ഡി & ഒ ലൈസൻസ് പുതുക്കിനൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റ മുകളിലായി പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി വാങ്ങാതെ

first floor(325.64m2), second floor(325.64m2), third floor stair (27.88m2) നിർമ്മാണം നടത്തിയിട്ടുണ്ട്.

ഇദ്ദേഹം 13.8.15 ൽ സമർപ്പിച്ച ക്രമവൽക്കരണത്തിനുള്ള അപേക്ഷയിൽ (A4-5714/15) 2014 മാർച്ചിൽ ആണ് ഈ നിലകൾ പ്രവർത്തനക്ഷമമായത് എന്ന് പറയുന്നുണ്ട്. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, L.S.G.D സ്ഥലപരിശോധന നടത്തിയ റിപ്പോർട്ടിൽ -" ടി കെട്ടിടത്തിന്റെ ground floor( രചന ഹോട്ടൽ ലൈസൻസോടു കൂടി പ്രവർത്തിക്കുന്നു) ഏകദേശം 20 വർഷത്തോളവും, മുകളിലത്തെ രണ്ടു നിലകൾക്ക് ഏകദേശം 8 വർഷത്തോളവും പഴക്കമുള്ളതായി കാണുന്നു", "ഈ കെട്ടിടത്തിന്റെ ground floor ഗണം F ലും, first & second floor ഗണം A2 ലും ഉൾപ്പെടുന്നു", "K.P.B.R Rule 47(B), 58(12),30, 102(3), 104 തുടങ്ങിയവ പാലിക്കുന്നില്ല"- എന്നു റിപ്പോർട്ട് ചെയ്യുകയും ക്രമവൽക്കരണത്തിനു നൽകിയ അപേക്ഷയ്ക്ക് ന്യൂനതകൾ അറിയിച്ചുകൊണ്ട് (A4-141/16 തിയതി 8.2.16) മറുപടി നൽകുകയും ചെയ്തിരിക്കുന്നു. വർഷങ്ങളായി ഡി&ഒ ലൈസൻസ് പുതുക്കി നൽകി വരുന്ന ഈ സ്ഥാപനത്തിൽ മുകൾനിലകളിലായി നടത്തി വന്ന അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്നതു വരെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ വന്നില്ല.

2) ശ്രീ. മെൽബിൻ കെ.എം, കുഴിച്ചാമഠത്തിൽ വീട് എന്നിവരുടെ ഗ്യാരേജിന് കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ A4- 5810/15 തിയതി 19.8.15 പരിശോധിച്ചതിൽ (കെട്ടിടം പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതി ഇല്ലാതെ പണിയുകയും തുടർന്ന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.)ഈ ഗ്യാരേജിന്റെ plinth area 156.31m2 , existing residence ന്റെ plinth area 131.54m2 എന്നും കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗണം F ൽ ഉൾപ്പെടുന്ന ഈ ഗ്യാരേജിന്റെ വ്യാപ്തി 59% ആണ്. ഗണം Fൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് പരമാവധി അനുവദിനീയമായ വ്യാപ്തി 55% ആണെന്നിരിക്കെ 4% അധികവ്യാപ്തിയിൽ നിർമ്മിച്ച ഗ്യാരേജിന് കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കിയിട്ടുണ്ട്.ഓവർസിയറുടെ റിപ്പോർട്ടിൽ ഗ്യാരേജിന്റെ plinth area 131.54m2, existing residence ന്റെ plinth area 156.31m2 എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്യാരേജിന്റെ ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, വസ്തു നികുതി തുടങ്ങിയവ 131.54m2 തറവിസ്തീർണ്ണത്തിനാണ് നിർണ്ണയിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ പരിധിയിൽ നടത്തുന്ന അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പെർമിറ്റിനു പകരം എൻ.ഒ.സി അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചട്ടം 133(1)ൽ പെർമിറ്റ് ആവശ്യമില്ലാത്ത A1 പാർപ്പിട കെട്ടിടങ്ങളുടെ ആകെ നിർമ്മിതവിസ്തീർണ്ണം 100 ച.മീ വരെയായി പരിമിതപ്പെടുത്തിയിട്ടുണ്ട് ( S.R.O.No.362/2015 w.e.f 3.6.2015). എന്നാൽ ഈ കാലയളവിനു ശേഷവും കെട്ടിട നിർമ്മാണാനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ള 100 ച.മീ നു അധികമുള്ള കെട്ടിടങ്ങൾക്ക് NOC യാണ് അനുവദിച്ചിട്ടുള്ളത്. പെർമിറ്റ് ഫീസ് ഈടാക്കാത്തവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.a

| ക്രമ നം. | അപേക്ഷ നം./ തിയതി | അപേക്ഷകന്റെ പേരും വിലാസവും | തറവിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് |
|---|---|---|---|---|
| 1 | 4121/16.6.15 | പനഞ്ചികുന്നത്ത് മധു ഭാര്യ രജിത | 120.94 ച.മീ | 120.94*3=363/- |
| 2 | 4439/30.6.15 | കോമ്പിരി പറമ്പിൽ പരമേശ്വരൻ മകൻ വേലായുധൻ | 109.16ച.മീ | 109.16*3=328/- |
| 3 | 4647/4.7.15 | ഇല്ലിക്കൽ ലോനപ്പൻ മക്കൾ അന്തോണി, ബാബു എന്ന ഔസേഫ് | 119.79ച.മീ | 119.79*3=360/- |
| 4 | 4486/1.7.15 | കൊഴിഞ്ഞിപ്പറമ്പിൽ ആലി മക്കൾ മുഹമ്മദ്, മൊയ്തീൻ | 105.36ച.മീ | 105.36*3=317/- |
| 5 | 5125/20.7.15 | നടുവിൽ പീടിക കൊച്ചപ്പൻ മകൻ ബിജു | 143.33ച.മീ | 143.33*3=430/- |
| 6 | 5763/18.8.15 | കൈതാരൻ അന്തോണി മകൻ ഷിബു | 112.63ച.മീ | 112.63*3=338/- |
| 7 | 5343/29.7.15 | കൈതാരത്ത് വർഗ്ഗീസ് മകൻ സാജൻ വർഗ്ഗീസ് | 103.64ച.മീ | 103.64*3=311/- |

| | | | | |
|---|---|---|---|---|
| | | | | |
| 8 | 6124/8.9.15 | പാലൊളി കുഞ്ഞാറ ഹാജി മകൻ മുസ്തഫ | 125.71ച.മീ | 125.71*3=378/- |
| 9 | 5747/17.8.15 | പ്ലാശ്ശേരി ഉണ്ണികൃഷ്ണൻ ഭാര്യ അജിത | 108.54ച.മീ | 108.54*3=326/- |
| 10 | 6307/15.9.15 | മാളിയേക്കൽ ശേഖരൻ മകൻ അനിൽകുമാരും മാതാവ് മാലതിയും കൂടി | 105.54ച.മീ | 105.54*3=317/- |
| 11 | 5527/5.8.15 | പുളിക്കൻ ഭാസ്കരൻ ഭാര്യ രമണി | 123.65ച.മീ | 123.65*3=371/- |
| 12 | 5942/26.8.15 | എരുമക്കാടൻ രാമകൃഷ്ണൻ മകൻ ശശി | 121.65ച.മീ | 121.65*3=365/- |
| 13 | 6300/15.9.15 | പനയ്ക്കാമിറ്റം പൈലോത് ഭാര്യ റോസ, മകൻ വർഗ്ഗീസ് | 144.83ച.മീ | 144.83*3=435/- |
| 14 | 5986/1.9.15 | കുന്നത്തേരി കൊളപത്ര കുമരഞ്ചിര മഠത്തിൽ രാമൻ കർത്താവ് മകൻ രാമവല്ലഭൻ | 124ച.മീ | 124*3=372/- |

| | | | | |
|---|---|---|---|---|
| 15 | 6540/25.9.15 | കടവിൽ രാഘവൻ മകൻ അഭിലാഷ് | 125.42ച.മീ | 125.42*3=377/- |
| 16 | 6576/28.9.15 | പുല്ലൻ താനിയ്ക്കൽ മത്തായി | 128ച.മീ | 128*3=384/- |
| 17 | 5607/7.8.15 | പുല്ലിയിൽ ആലി മകൻ ഷാജുദ്ദീൻ ഭാര്യ റസിയ | 107.12ച.മീ | 107.12*3=322/- |
| 18 | 6214/10.9.15 | കാമ്പുഴ സുബ്രഹ്മണ്യൻ മകൻ ധർമ്മപാലൻ | 109.09ച.മീ | 109.09*3=328/- |
| 19 | 6168/9.9.15 | കുത്തോട്ടുങ്ങൽ കറമ്പൻ ജോണി മകൻ മനോജ് | 119.09ച.മീ | 119.09*3=358/- |
| 20 | 6084/7.9.15 | പള്ളത്താടൻ വിജയൻ മകൻ ബൈജുവും ഭാര്യ സജിതയും | 114.19ച.മീ | 114.19*3=343/- |
| 21 | 6069/4.9.15 | കൊട്ടാരത്ത് രാമൻനായർ മകൻ സതീഷ് കുമാർ | 112.97ച.മീ | 112.97*3=339/- |
| 22 | 8199/26.11.15 | പറമ്പത്ത് കാർത്ത്യായനി അമ്മ, വേലായുധൻ നായർ | 120.08ച.മീ | 120.08*3=361/- |
| 23 | 8418/4.12.15 | തോക്കുടം തോമസ് മകൻ ദേവസ്സിയും ഭാര്യ | 122.59ച.മീ | 122.59*3=368/- |

| | | | | |
|---|---|---|---|---|
| | | എൽസിയും | | |
| 24 | 8492/7.12.15 | കാപ്പാനി ജോസ് മകൻ ജോൺസൻ | 124.73ച.മീ | 124.73*3=375/- |
| | | | ആകെ | 8566/- |

പെർമിറ്റ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(എൻക്വയറി നം.1)

## 2-4 ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി

താഴെ നൽകിയ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിട്ടുണ്ട്.

| അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേരും | യന്ത്രത്തിന്റെ കുതിരശക്തി/ ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ഫീസ്, രസീതി നം./തിയതി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|
| മാനേജർ ഹാരിസൺ മലയാളം | 280 hp | 2080 11401112458/ 28.2.15 | 2800/- | 720/- |
| എം.വി ചന്ദ്രബോസ് പെട്രോൾ പമ്പ് | 156000/- | 400 11401112516/ 27.2.15 | 4000/- | 3600/- |
| ആകെ | | | | 4320/- |

കുറവായി ഈടാക്കിയ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 അധിക ഫീസ് ഈടാക്കിയിട്ടില്ല

താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽമേൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ചുമത്തിയിട്ടില്ല.

| അപേക്ഷ നം./ തിയതി | അപേക്ഷകന്റെ / സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട അധിക ഫീസ് |
|---|---|---|---|
| 2029/13.3.15 | ടി.എൽ ജെയിംസ്<br>നവീൻ ഇൻഡസ്ട്രീസ് | 1000/- | 250/- |
| 3208/7.5.15 | ടി.ടി മൈക്കിൾ<br>കരിങ്കൽ ക്വാറി | 1000/- | 250/- |
| 2854/25.4.15 | ഇ.എൻ ഷാജൻ<br>ശക്തി മെറ്റൽസ് | 2000/- | 500/- |
| 3381/14.5.15 | പി.എൻ പവിത്രൻ<br>PEE YAR QUARY WORKS | 2000/- | 500/- |
| ആകെ | | | 1500/- |

അധിക ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിനിയോഗം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

സ.ഉ.(എം.എസ്) നം. 330/2004/തസ്വഭവ തി. 09.12.2004, സ.ഉ.(എം.എസ്) നം. 300/2010 /തസ്വഭവ തി. 10.12.2010 എന്നീ ഉത്തരവുകളിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്ന പ്രവൃത്തികളെ സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ,, സ.ഉ.(ആർ.ടി.)നം.362/13/തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ 11.13(x) നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽസൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം ആസ്തികളുടെ സംരക്ഷണം, അവയുടെ ഉപയോഗം വർദ്ധിപ്പിക്കൽ, സേവനം മെച്ചപ്പെടുത്തൽ, സ്ഥാപനങ്ങളിൽ ആധുനികസംവിധാനങ്ങളും സജ്ജീകരണങ്ങളും ഒരുക്കൽ എന്നീ ആവശ്യങ്ങൾക്കാണ്

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നത്. മേൽസൂചിപ്പിച്ച ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽപദ്ധതികളിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ചതായി കാണുന്നു. മാത്രമല്ല, സ.ഉ.(ആർ.ടി.)നം.362/13/തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ അനുബന്ധം 16, ഖണ്ഡിക 7.2 പ്രകാരം ഒരു പ്രൊജക്ടിന്റെ ഭാഗമായി പരമാവധി ആറുമാസത്തേക്ക് മാത്രമാണ് ഹോണറേറിയമോ കൺസൽട്ടൻസി ചാർജ്ജോ അനുവദിക്കാവുന്നത്. ആയതിന്, വികസനഫണ്ട് ഉപയോഗിക്കാവുന്നതാണ്. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. ഇതിനുവിരുദ്ധമായി നടത്തിയ ചെലവുകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | (S0259/16), ഗവ.സ്കൂളിലേക്ക് കലാകായിക അധ്യാപകരുടെ സേവനം |
| അടങ്കൽ | 1,68,000/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് | 1,12,000/- |
| ട്രഷറി ബിൽ നമ്പർ | 4/15-16 dt. 28.09.15 (36000/-)<br>6/15-16 dt. 14.01.16 (36000)<br>9/15-16 dt. 26.02.16 (40000) |
| ഡിഡി നമ്പർ | 748738/30.09.15 (16000)<br>748739/30.09.15(20000- ശ്രീ.അബ്ദുൾ സലിം)<br>750307/14.01.16(20000 -ശ്രീ.അബ്ദുൾ സലിം )<br>750308/14.01.16(16000)<br>467706/01.03.16(40000 - ശ്രീ.അബ്ദുൾ സലിം) |

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | (S0262/16), കുട്ടികൾക്ക് കരാട്ടേ പരിശീലനം |
| അടങ്കൽ | 1,08,000/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് | 90,000/- |
| ട്രഷറി ബിൽ നമ്പർ | 3/15-16 dt. 28.09.15 (24000/-)<br>7/15-16 dt. 14.01.16 (24000)<br>8/15-16 dt. 26.02.16 (42000) |

| | |
|---|---|
| ഡിഡി നമ്പർ | 748695/29.09.15 (24000)<br>750303/14.01.16(24000)<br>ഡിഡി നമ്പർ ലഭ്യമല്ല / dt. 01.03.16 (42000) |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | (S0266/16), പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ട്യൂഷൻ |
| അടങ്കൽ | 2,16,000/- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് | 1,80,000/- |
| ട്രഷറി ബിൽ നമ്പർ | 2/15-16 dt. 28.09.15 (24,000/-)<br>5/15-16 dt. 17.11.15 (48,000)<br>10/15-16 dt. 26.02.16 (1,08,000) |
| ഡിഡി നമ്പർ | 748634/29.09.15 (12000)<br>748635/29.09.15 (12000)<br>749516/20.11.15(24000)<br>749500/17.11.15 (24000)<br>467705/01.03.16(54000)<br>467704/01.03.16(54000) |

1(i) ഗവ.സ്കൂളിലേക്ക് കലാകായിക അധ്യാപകരുടെ സേവനം എന്ന പ്രൊജക്ടിൽ അബ്ദുൾസലീം.കെ.എച്ച് എന്ന ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകന് 01.07.2015 മുതൽ 29.02.16 വരെയുള്ള സേവനത്തിന് പ്രതിഫലമായി എട്ടു മാസങ്ങൾക്ക് ആകെ 80,000/- രൂപ നൽകിയിട്ടുണ്ട് (ഒരു മാസത്തേക്ക് 10,000/- രൂപയാണ് നൽകിയിട്ടുള്ളത്).

(ii) സ.ഉ.(ആർ.ടി.)നം.362/13/തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ അനുബന്ധം 1, ഖണ്ഡിക 6(ii) പ്രകാരം പ്രൈമറി വിദ്യാഭ്യാസഗുണനിലവാരം വ്യദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപകപരിശീലനം ഉൾപ്പെടെ നിരവധിപരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാൽ, അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. ഈ നിർദ്ദേശത്തിന്

വിരുദ്ധമായി സംഗീത അദ്ധ്യപികയുടെ(ശ്രീമതി.ദീപ ബാബു) സേവനത്തിനായി ഫണ്ട് ചെലവഴിച്ചു.

2) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ട്യൂഷൻ എന്ന പദ്ധതിയിൽ ശ്രീ. സി.സി.സുരേന്ദ്രൻ, ശ്രീമതി.ജിസ്ന എൻ.വി എന്നീ അധ്യാപകർക്ക് 15.07.2015 മുതൽ 29.02.16 വരെയുള്ള 8 മാസങ്ങളിലെ സേവനത്തിന് പ്രതിഫലമായി ഓരോരുത്തർക്കും 90,000/- രൂപ വീതം നൽകിക്കാണുന്നു. സ.ഉ.(ആർ.ടി.)നം.362/13/തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ അനുബന്ധം 1, ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കം വിദ്യാർത്ഥികൾക്ക് ഹോണറേറിയമോ വേതനമോ കൂടാതെ പ്രവർത്തിക്കാൻ സന്നദ്ധരായ അദ്ധാപകർ, വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരുടെ സഹായത്തോടെ പ്രത്യേകമായ കോച്ചിംഗ് നൽകാവുന്നതാണ്. എന്നാൽ സന്നദ്ധപ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യോഗ്യരായ പുറമെയുള്ള അധ്യാപകരുടെ സേവനത്തിന് വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3,000/- രൂപ എന്ന പരിധിക്ക് വിധേയമായി വികസനഫണ്ട് ചെലവഴിക്കാവുന്നതാണ്. ഇതുപ്രകാരം ഒരു അധ്യയനവർഷത്തേക്ക് പരമാവധി ചെലവഴിക്കാവുന്നത് വികസനഫണ്ട് 30,000/- ( 10 x 3000) രൂപയാണ്. ഈ നിബന്ധനകൾ പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റ് 90,000/- രൂപ ചെലവഴിച്ചു.

3) സ.ഉ.(ആർ.ടി.)നം.362/13/തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ അനുബന്ധം 1, ഖണ്ഡിക 16 (ii) പ്രകാരം ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി സംസ്ഥാന / ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയപരിശീലനപരിപാടികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ, ഈ രീതിയിലല്ലാതെ കുട്ടികൾക്ക് കരാട്ടേ പരിശീലനം എന്ന പദ്ധതിയിൽ ശ്രീമതി. മെലീറ്റ റോഡ്രീഗ്സ് എന്ന അദ്ധ്യാപികക്ക് ജൂലായ് 15 മുതൽ ഫെബ്രുവരി 16 വരെയുള്ള 8 മാസക്കാലയളവിലേക്ക് 90,000/- രൂപ നൽകിയിട്ടുണ്ട്.

മേൽപറഞ്ഞ പദ്ധതികൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും പദ്ധതി ആസൂത്രണമാർഗ്ഗരേഖക്കും വിരുദ്ധമായതിനാൽ ആകെ 3,82,000/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-2 മീഡിയാശ്രീ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി മുഴുവൻ തുകയും നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0280/16), മീഡിയാശ്രീ |

| | |
|---|---|
| അടങ്കൽ | 65,000/- വികസനഫണ്ട് (പൊതുവിഹിതം) |
| ചെലവ് | 65,000/- വികസനഫണ്ട് (പൊതുവിഹിതം) |
| ട്രഷറി ബിൽ നമ്പർ | 22/15-16 dt. 11.03.16 (തുക – 65,000/-) |
| ഡിഡി നമ്പർ | 469343 dt. 17.03.2016 (65,000) |

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ "മീഡിയാശ്രീ" പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65,000/- രൂപ തനത്ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ 2014-15 വർഷം ചെലവഴിക്കുന്നതിന് സ.ഉ.(സാധാ)നം. 3206/2014 /തസ്വഭവ തി. 05.12.2014 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, സ.ഉ.(സാധാ) നം.462/2015 /തസ്വഭവ തി. 16.02.15 പ്രകാരം സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം വഴി ഡോക്യുമെന്ററി നിർമ്മാണത്തിന് ഉടമ്പടി വച്ചതിനുശേഷമാണ് 30% അഡ്വാൻസ് തുക മുൻകൂറായി കുടുംബശ്രീക്ക് നൽകേണ്ടത് എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. ഇതിനുവിരുദ്ധമായി യാതൊരുകരാറിലും ഏർപ്പെടാതെ മുഴുവൻ തുകയും കുടുംബശ്രീ സ്റ്റേറ്റ് മിഷന് നൽകിയതായി കാണുന്നു. കരാറിലേർപ്പെട്ട് 19,500/- രൂപ കുടുംബശ്രീ സ്റ്റേറ്റ് മിഷന് നൽകേണ്ടതിന് പകരം മുഴുവൻ തുകയും മുൻകൂറായി നൽകിയ നടപടി ശരിയല്ല. ആയതിനാൽ, 65000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കുഴൽകിണർ നിർമ്മാണം പൂർത്തിയാക്കിയതിന് രേഖ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0164/16), ടാങ്കിൻകുന്ന് കുഴൽകിണർ നിർമ്മാണം |
| അടങ്കൽ | 75,000/- |
| ചെലവ് | 44,670/- |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ | 08/15-16 dt. 23.09.15 |
| ഡിഡി നമ്പർ | 748602 dt. 23.09.15 |

16.07.15 ലെ DGT/1148/15 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് 44670/- രൂപ ഭൂഗർഭജലവകുപ്പിന് നൽകിയിട്ടുള്ളത്. വകുപ്പുമായി ഏർപ്പെട്ട കരാർ പ്രകാരം ( നമ്പർ : 01/15-16 dt. 03.10.15) കുഴൽകിണർ നിർമ്മാണം 2016 മാർച്ച് 31 ന് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ, നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 44,670/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവുവിളക്കുകളുടെ പരിപാലനം- പദ്ധതിനടത്തിപ്പിലെ അപാകതകൾ

എ) സി.എഫ്.എൽ, ഹോൾഡർ എന്നിവ വാങ്ങിയത് തെരുവ് വിളക്ക് പരിപാലന കരാറുകാരനില്ലാത്തതിനാൽ മെമ്പർമാർക്ക് വിതരണം ചെയ്തു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0162/16), സ്ട്രീറ്റ് ലൈറ്റ് വാങ്ങലും റിപ്പയറിംഗും |
| അടങ്കൽ | 4,00,000/- |
| ചെലവ് | 3,98,997/- |
| ഫണ്ട് | വികസനഫണ്ട് പൊതുവിഹിതം |
| ട്രഷറി ബിൽ നമ്പർ | 02/15-16 dt. 22.08.15 (3,74,007)<br>29/15-16 dt. 31.03.16 (24990) |
| ഡിഡി നമ്പർ | 748282 dt. 24.08.15 (374007)<br>470657 dt. 07.04.16 (24990) |

| | |
|---|---|
| | |

മേൽപദ്ധതിയിൽ ക്രൂസിൽ നിന്നും 2200 സി.എഫ്.എൽ (14 w), 2200 ഹോൾഡർ എന്നിവ വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് വർഷം സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം നടത്തുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടില്ല. 22 മെമ്പർമാർക്ക് 100 സി.എഫ്.എൽ & 100 ഹോൾഡർ വീതം വിതരണം ചെയ്തതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിനുള്ള രേഖകൾ മെമ്പർമാർ ഹാജരാക്കിയിട്ടുമില്ല. തെരുവ് വിളക്ക് പരിപാലനം 15.09.2011 ലെ 3055/ഡി.എ3/2011/തസ്വഭവ നമ്പർ സർക്കുവറിലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തേണ്ടതിനു പകരം മെമ്പർമാർ മുഖേന നടത്തിയത് ശരിയായ നടപടിയല്ല. ഈ പ്രൊജക്റ്റിൽ 2200 സി.എഫ്.എൽ ബൾബുകളും 2200 ഹോൾഡറുകളും താഴെ നൽകിയിട്ടുള്ള ഖണ്ഡിക നമ്പർ (ബി)യിൽ പരാമർശിച്ചിട്ടുള്ള പ്രൊജക്ട് പ്രകാരം 1090 സി.എഫ്.എൽ ബൾബുകളും 1090 ഹോൾഡറുകളും വാങ്ങിയിട്ടുണ്ട്. സി.എഫ്.എൽ ബൾബുകളുടെ എണ്ണത്തിന് തുല്യമായ ഹോൾഡറുകൾ വാങ്ങുന്നതിന്റെ കാരണവും വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആകെ എത്ര സി.എഫ്.എൽ ബൾബുകളുണ്ടെന്നതിന് രേഖ ലഭ്യമാക്കിയില്ല. ആവശ്യകതാനിർണ്ണയമില്ലാതെയാണ് വാങ്ങലുകൾ നടത്തുന്നതെന്ന് കാണുന്നു. മേൽകാരണത്താലും തുക ക്രൂസിന് നൽകിയതിനുള്ള കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ലാത്തതിനാലും 3,98,997/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S036016), തെരുവ് വിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണികളും |
| അടങ്കൽ | 5,00,000/- |
| ചെലവ് | 3,34,902/- |
| ഫണ്ട് | ലോകബാങ്ക് ധനസഹായം |
| ട്രഷറി ബിൽ നമ്പർ | 26/15-16 dt. 131.03.16 (334902)) |
| ഡിഡി നമ്പർ | 470675/ 07.04.16 (334902) |

മേൽപദ്ധതിയിൽ 2200 സി.എഫ്.എൽ, 500 ഹോൾഡർ എന്നിവക്കായി ക്രൂസിന് തുക നൽകിയിട്ടുണ്ടെങ്കിലും 1290 എണ്ണം മാത്രമേ ലഭ്യമായിട്ടുള്ളൂ. 910 സി.എഫ്.എൽ ലഭ്യമാവുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. സി.എഫ്.എൽ ബൾബുകളും ഹോൾഡറുകളും മെമ്പർമാർക്ക് വിതരണം ചെയ്തതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിനുള്ള രേഖകൾ മെമ്പർമാർ ഹാജരാക്കിയിട്ടില്ല. കൂടാതെ ക്രൂസിന് തുക നൽകിയതിനുള്ള കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ, 3,34,902/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>സി) രേഖകളില്ലാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S021/16), പഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 37,00,000/- |
| ചെലവ് | 36,99,883/- |
| ഫണ്ട് | വികസനഫണ്ട് പൊതുവിഹിതം |
| ട്രഷറി ബിൽ നമ്പർ | 23/15-16 dt. 11.03.16 (3514580)<br>27/15-16 dt. 31.03.16 (185303) |
| ഡിഡി നമ്പർ | 469226/ 17.03.16 (3093120)<br>469265/17.03.16 (421450)<br>471112/ 23.05.16 (185303)--ക്രൂസ് |

ക്രൂസിന് തുക നൽകിയതിന് രസീത് ഹാജരാക്കേണ്ടതാണ്. സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കുന്ന മുറക്ക് കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ, 36,99,883/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 <u>എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി- പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മാത്രം നൽകേണ്ട</u>

## ആനുകൂല്യം താഴെയുള്ള ക്ലാസ്സുകാർക്കും നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0176/16), എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ, ഫണ്ട് | 3,28,000/- (325000-വികസനഫണ്ട് (എസ്.സി.പി) & 3000/- തനത് ഫണ്ട്) |
| ചെലവ് | 1,08,000/- (എസ്.സി.പി) |
| ട്രഷറി ബിൽ നമ്പർ | 12/15-16 dt. 31.03.16 (1,08,000/-) |
| ഡിഡി നമ്പർ, തിയ്യതി | 470785/07.04.16 (1,08,000/-) |

ഓഡിറ്റ് വർഷം സെന്റ് ജോർജ്ജ് സൈക്കിൾസ്, കോടാലി എന്ന സ്ഥാപനത്തിൽ നിന്ന് 30 സൈക്കിളുകൾ (ആൺകുട്ടികൾക്കും (ഒന്നിന് 3500/-) പെൺകുട്ടികൾക്കും(ഒന്നിന് 3700/-) 15 വീതം) വാങ്ങി 29 എണ്ണം വിതരണം ചെയ്തിട്ടുണ്ട് (3700 രൂപ വിലയുള്ള ഒരു സൈക്കിൾ തിരിച്ചുനൽകി തുക തിരികെ ഈടാക്കി). പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണ / സബ്സിഡി മാർഗ്ഗരേഖ, അനുബന്ധം 16, ഖണ്ഡിക 6.8(4) പ്രകാരം പത്താം ക്ലാസ്സുകാരായ വിദ്യാർത്ഥികൾക്ക് മാത്രമേ ഈ ആനുകൂല്യം നൽകാവൂ. എന്നാൽ, ഗുണഭോക്തൃലിസ്റ്റും സ്കൂൾ രേഖകളും പ്രകാരം അഭിജിത്ത്, കാവ്യ വിജയൻ എന്നീ വിദ്യാർത്ഥികൾ മാത്രമാണ് പത്താം ക്ലാസ്സ് വിദ്യാർത്ഥികൾ. 27 വിദ്യാർത്ഥികൾ ആനുകൂല്യത്തിന് അർഹരല്ല. സെന്റ് ജോർജ്ജ് സൈക്കിൾസിൽ നിന്നും 18.10.16 ലെ 11601104157 നമ്പർ രസീത് പ്രകാരം തിരികെ ലഭിച്ച 3700 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ 1,00,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രൊജക്റ്റ് നമ്പർ, പേര് | (S0177/16), പട്ടികജാതി വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് പഠനമുറി |
| അടങ്കൽ | 4,00,000/- |
| ചെലവ് | 2,71,000/- |
| ഫണ്ട് | വികസനഫണ്ട് (എസ്.സി.പി) |
| ട്രഷറി ബിൽ നമ്പർ | 09/15-16 dt. 14.03.16 – 25,000/-<br>11/15-16 dt. 16.03.16 – 25,000/-<br>16/15-16 dt. 31.03.16 – 2,00,000/-<br>22/15-16 dt. 31.03.16 – 21,000/- |
| ഡിഡി നമ്പർ, തിയ്യതി | 469166/14.03.16(25000)<br>469295/17.03.16(25000)<br>470190/07.04.16(50000)<br>470191/07.04.16(50000)<br>470193/07.04.16(50000)<br>470194/07.04.16(50000)<br>21000/- രൂപ നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

15.02.2016 ലെ സ.ഉ.(സാധാ) നം.626/2016/തസ്വഭവ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് സ്പഷ്ടീകരണം നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം അപേക്ഷകന്റെ നിലവിലുള്ള വീട് 800 ചതുരശ്രഅടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം. മെഷർമെന്റ് അടിസ്ഥാനമാക്കി പരമാവധി 1,00,000/- രൂപയാണ് അനുവദിക്കാവുന്നത്.

എ) തൻവർഷം ധനസഹായം നൽകിയ നാലു ഗുണഭോക്താക്കളിൽ ശ്രീമതി.വാസന്തി.ഇ.വി, എടപ്പിള്ളി വീട് എന്ന ഗുണഭോക്താവ് മാത്രമാണ് പഠനമുറിയുടെ നിർമ്മാണം

പൂർത്തിയാക്കിയിട്ടുള്ളത്. ടിയാൾ പണികഴിപ്പിച്ച മുറിയുടെ വിസ്തീർണ്ണം 7.29 ച.മീറ്ററാണെന്ന് (78.44 sq ft) കാണുന്നു (2.7m x 2.7 m = 7.29 sq.m). സർക്കാർ നല്കിയ സ്പഷ്ടീകരണപ്രകാരമുള്ള വിസ്തീർണ്ണം മുറിക്ക് ഇല്ലാത്തതിനാൽ ഇവർക്ക് ധനസഹായം നൽകിയ നടപടി ശരിയല്ല. കൂടാതെ, ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ നിലവിലുണ്ടായിരുന്ന വീടുകളുടെ വിസ്തീർണ്ണം 800 sq.ft ന് താഴെയായിരുന്നുവെന്നതിന് രേഖ ഹാജരാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ, 2,71,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) 27.04.15 ലെ സ.ഉ.(എം.എസ് ) നം. 144/15/തസ്വഭവ, 16.12.2015 ലെ സ.ഉ.(എം.എസ് ) നം. 358/15/തസ്വഭവ പ്രകാരം എന്നിവ പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി ഒഴിവാക്കിയിട്ടുള്ളതിനാൽ മേൽസൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീടുകൾ പഠനമുറിയുടെ കൂട്ടിച്ചേർക്കലിനുശേഷം നികുതിവിധേയമാവുമോയെന്ന് പരിശോധിച്ച് ആവശ്യമായ മേൽനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-7 <u>ഐ.എ.വൈ വിഹിതം ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയതിന് കൈപ്പറ്റ് രേഖയില്ല</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.എ.വൈ വിഹിതം (എസ്.സി.പി), ഐ.എ.വൈ വിഹിതം (2015-16) ടി.എസ്.പി എന്നീ പദ്ധതികളിൽ യഥാക്രമം 5,20,000/-, 1,00,000/- രൂപ കൊടകര ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ആയതിനാൽ 6,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ആയത് ഹാജരാക്കേണ്ടതാണ്.

## 3-8 <u>റിലിങ്ക്വിഷ് മെന്റ് ചെയ്ത ഭൂമി പഞ്ചായത്തിന്റെ അധീനതയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.</u>

11-03-2014 ൽ ലാന്റ് റിലിങ്ക്വിഷ് മെന്റ് ഫാറം എ റൂൾ 3 പ്രകാരം 18 ാം വാർഡിൽ മാഞ്ഞൂർ റോഡിൽ നിന്ന് മുടിക്കള റോഡ് വരെ വാഹനഗതാഗതം വർദ്ധിപ്പിക്കുന്നതിനായി 11.03.2014 ൽ താഴെ ചേർക്കുന്ന എട്ട് പേർ പഞ്ചായത്തിന് ഭൂമി വിട്ടു നൽകിയിട്ടുണ്ട്.

1.കെ.എൽ.വർഗ്ഗീസ്

2.ദേവസ്സി.കെ.എൽ

3.ദേവസ്സി കുഞ്ഞുവറീത്

4.കെ.എ.ജോയി

5.സി.ഐ. ജോയ്

6.രാജേഷ്

7.എം.ഒ.ജോൺസൻ.

8.ജോണി.എം

എന്നാൽ ശ്രീ.ദേവസ്സി കുഞ്ഞുവറീത് 05/01/2016 ൽ സമർപ്പിച്ച വിവരാവകാശത്തിന് പഞ്ചായത്ത് 2-2-2016 ൽ സമർപ്പിച്ച B2 -375/16 മറുപടി പ്രകാരം ഇങ്ങനെ വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്ത് അധീനതയിൽ ആക്കുന്നതിന് നിയമാനുസൃതം നടപടികളൊന്നും എടുത്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഭൂമി വിട്ടു കിട്ടി രണ്ട് വർഷത്തിലേറെയായെങ്കിലും ഇത് സംബന്ധിച്ച് തീരുമാനമെടുക്കാത്തതിന്റെ കാരണം പഞ്ചായത്ത് അറിയിച്ചിട്ടില്ല. ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 മരാമത്തു പ്രവൃത്തികൾ പൂർത്തിയാക്കാൻ ബാക്കി നില്ക്കുന്നു.

താഴെ ചേർക്കുന്ന മരാമത്ത് പ്രവർത്തികൾ പൂർത്തിയാക്കാൻ ബാക്കിനിൽക്കുന്നതായി കാണുന്നു. അത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കോൾപ്പാടം എൽ.ഐ. വാർഡ്.18

എഗ്രിമെന്റ് നമ്പർ. 117/AE/LSGD/VPLY/14-15 തിയ്യതി. 13/03/2015

ഈ പ്രവൃത്തിയിൽ പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് ലെയിങ്, നിലവിലെ തോട് താഴ്ച കൂട്ടുക, പമ്പ് സെറ്റ് ഫിറ്റിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവാണ് ഉൾപ്പെട്ടിരുന്നത്. ഗുണഭോക്തൃ സമിതി കൺവീനറായി കെ.പി ആന്റണി കിഴക്കുടൻ ചെയർമാനായി ശ്രീ.ജോർജ് പള്ളത്ത് എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 82568 രൂപയുടെ പാർട്ട്ബിൽ മാത്രമാണ് പാസ്സായിട്ടുള്ളത്.

കോരനൊടി പുതുക്കുളം കുടിവെള്ള പദ്ധതി.

D.D.No. 470795 Dt. 22.07.2016

കുടിവെള്ള പദ്ധതിക്കായി അഞ്ചുലക്ഷം രൂപ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 03.08.2016 ലെ എഗ്രിമെൻറ് പ്രകാരം കൈമാറി. എന്നാൽ നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 തൊഴിലുറപ്പ പദ്ധതി പ്രത്യേക അവലോകനം (2015-16 വർഷം)

| ക്രമനമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4758 |
| 2 | തൻവർഷം വകയിരുത്തിയ തൊഴിൽ ദിനങ്ങൾ | 353917 |

| | | |
|---|---|---|
| 3 | തൻവർഷം നൽകാനായ തൊഴിൽദിനങ്ങൾ | 85819 |
| 4 | തൻവർഷം വകയിരുത്തിയ പദ്ധതികൾ | 626 |
| 5 | തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ | 127 |
| 6 | തൻ വർഷം വകയിരുത്തിയ അടങ്കൽ തുക | 81046900 |
| 7 | തൻവർഷം ചെലവിട്ട തുക | 15841883 |
| 8 | ചെലവ് ശതമാനം | 19.52 |
| 9 | തൻവർഷം നൂറു തൊഴിൽദിനങ്ങൾ നൽകാനായ കുടുംബങ്ങളുടെ എണ്ണം. | 302 |

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 4758 ആയിരിക്കെ കേവലം 302 പേർക്കു മാത്രമേ നൂറു തൊഴിൽദിനങ്ങൾ ഉറപ്പാക്കാനായിട്ടുള്ളൂ. തൻ വർഷം വകയിരുത്തിയ തൊഴിൽദിനങ്ങളും നൽകാനായ തൊഴിൽദിനങ്ങളും തമ്മിലുള്ള അനുപാതം കേവലം 24.24 % മാത്രമാണ്. തൊഴിലുറപ്പു പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

## 3-11 ആശ്രയ പദ്ധതി വിലയിരുത്തൽ .

| | പ്രോജക്ട് |
|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 128 |
| വീടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 23 |
| നാളിതുവരെ ലഭിച്ചവർ | - |
| വീട് ആവശ്യമുള്ളവർ | 35 |
| നാളിതുവരെ ലഭിച്ചവർ | 6 |

| | |
|---|---|
| വീട് റിപ്പയർ ആവശ്യമുള്ളവർ | 8 |
| നാളിതുവരെ ലഭിച്ചവർ | 4 |
| കക്കൂസ് ആവശ്യമുള്ളവർ | 5 |
| നാളിതുവരെ ലഭിച്ചവർ | - |
| കറന്റ് ആവശ്യമുള്ളവർ | 1 |
| നാളിതുവരെ ലഭിച്ചവർ | -- |

ആശ്രയ പദ്ധതി കുറേക്കൂടി കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട് എന്ന് മുകളിൽ ചേർത്ത വിവരങ്ങൾ കാണിക്കുന്നു.

തീർത്തും നിസ്സഹായരായ ആളുകളുടെ അടിസ്ഥാനആവശ്യങ്ങളാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം എന്നിരിക്കെ ഇക്കാര്യത്തിൽ ഭരണസമിതിയുടെ ജാഗ്രത ക്ഷണിച്ചുകൊള്ളുന്നു. ഓഡിറ്റ് വർഷം പദ്ധതിവിഹിതത്തിൽ നിന്നും വക മാറ്റി ചെലവിടാതെ ആശ്രയ അക്കൗണ്ടിൽ 1227482/- രൂപ അവശേഷിക്കുന്നുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 113888 | അങ്കണവാടി പോഷകാഹാരം | 113888 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 120000 | ക്ഷീരകർഷകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 12000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 148847 | അനുപൂരകപോഷകാഹാരം | 148847 | -- |
| | 2015-16 | 2578 | അനുപൂരകപോഷകാഹാരം | 2578 | -- |

| | | | | | |
|---|---|---|---|---|---|
| | 2015-16 | 17288 | അനുപൂരകപോഷകാഹാരം | 17288 | -- |
| | 2015-16 | 361800 | | 361800 | -- |
| | 2015-16 | 200000 | ശാരീരിക മാനസീക വെല്ലുവിളി-സ്കോളർഷിപ്പ് | 200000 | -- |

# 4-2 ഡെപ്പൊസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങള്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | കങ്ങാറ്റുപാടം SC കോളനി സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21501222 | 49840 | 49840 | - |
| ഗ്രൗണ്ട് വാട്ടർ അതോരിറ്റി | ടാങ്കിൻകുന്ന് കുഴൽകിണർ നിർമ്മാണം | 27500677 | 44670 | 44670 | -- |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21501222 | 3514580 | 3514580 | -- |
| KSEB | കന്നാട്ടുപാടം ജാറം വഴി ഇലക്ട്രിക് പോസ്റ്റ് | | 87750 | 87750 | -- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

# 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തിരിച്ചടവില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8735397 |
| തൻവർഷം നിക്ഷേപിച്ച തുക | 881922 |
| ആകെ | 9617319 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9617319 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ ചേർക്കുന്നു

| നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | അളകപ്പനഗർ രീജിയണൽ ഇമിറ്റേഷൻ ഡയമണ്ട് സഹകരണസംഘം | 14000 |
| 2 | തൃശ്ശൂർ സഹകരണ സ്പിന്നിങ്ങ് മിൽ | 20000 |
| 3 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 1623635 |
| 4 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 1079501 |
| 5 | ജില്ലാസഹകരണ ബാങ്ക്,വരന്തരപ്പീള്ളീ | 762144 |
| 6 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 971801 |
| 7 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 1000 |
| 8 | വരന്തരപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 100 |
| 9 | നന്തിപുലം സർവ്വീസ് സഹകരണസംഘം | 100 |
| 10 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 535290 |
| 11 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 121335 |
| 12 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 121335 |
| 13 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 121335 |
| 14 | ഇഞ്ചക്കുണ്ട് സർവീസ് സഹകരണസംഘം | 121335 |
| 15 | വരന്തരപ്പിള്ളി വനിത സർവ്വീസ് സഹകരണ സംഘം | 738724 |
| 16 | വരന്തരപ്പിള്ളി വനിത സർവ്വീസ് സഹകരണ സംഘം | 308008 |
| 17 | തൃശ്ശൂർ ജില്ലാസഹകരണ ബാങ്ക് | 796143 |
| 18 | തൃശ്ശൂർ ജില്ലാസഹകരണ ബാങ്ക് | 1669455 |
| 19 | വരന്തരപ്പിള്ളി വനിത സർവ്വീസ് സഹകരണ സംഘം | 688875 |
| | ആകെ | 9694116 |

വാർഷിക കണക്കുപ്രകാരം സ്ഥിരനിക്ഷേപം 96,17,319/- രൂപയാണ്. എന്നാൽ ലഭ്യമാക്കിയ

രേഖകൾ പ്രകാരം ആയത് 96,94,116/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 16 | 2014-16 | VIII 1-8-1(iii) | ഇഞ്ചക്കുണ്ട് Lift Irrigation പദ്ധതിക്ക് വേണ്ടി വൻ തുക ചെലവഴിച്ചിട്ടും പദ്ധതി പ്രവർത്തനക്ഷമമായില്ല. | തൽസ്ഥിതി തുടരുന്നു.ഗ്രാമസഭകളിലൂടെ പൊതുജനാഭിപ്രായം അറിഞ്ഞ ശേഷം മാത്രം തുടർപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വകയിരുത്തിയാൽ മതിയെന്ന് പഞ്ചായത്ത്കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50565650 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73293986 |
| വരവിനങ്ങളിലുള്ള നഷ്ടം | 14386 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5917252 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 2-3 | 8566 | ശ്രീ.കെ.പി.പ്രഭാകരൻ,സെക്രട്ടറി(7875/-)<br>ശ്രീമതി.എസ്. കൃഷ്ണകുമാരി ,,(691/-) |
| 2-4 | 4320 | ശ്രീമതി.എസ് .കൃഷ്ണകുമാരി ,, |
| 2-5 | 1500 | ശ്രീമതി.എസ് . കൃഷ്ണകുമാരി ,, |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 382000 | ശ്രീമതി.മേരി ഡമസീന,ഹെഡ്മിസ്ട്രസ് |
| 3-2 | 65000 | ശ്രീ. എം.കെ ദിനേഷ്<br>സെക്രട്ടറി |
| 3-3 | 44670 | ശ്രീ. കെ.പി പ്രഭാകരൻ<br>സെക്രട്ടറി |
| 3-4(എ) | 398997 | ശ്രീ.കെ.പി പ്രഭാകരൻ<br>സെക്രട്ടറി(374007/-)<br>ശ്രീ.എം.കെ ദിനേഷ്<br>സെക്രട്ടറി(24990/-) |
| 3-4(ബി) | 334902 | ശ്രീ.എം.കെ ദിനേഷ്<br>സെക്രട്ടറി |
| 3-4(സി) | 3699883 | ശ്രീ.എം.കെ.ദിനേഷ്<br>സെക്രട്ടറി |
| 3-5 | 100800 | ശ്രീ.എം.കെ.ദിനേശ്<br>അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 271000 | ശ്രീ.എം.കെ.ദിനേശ്<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 620000 | ശ്രീ.എം.കെ.ദിനേശ്<br>അസി സെക്രട്ടറി |
| ആകെ | 5917252 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.പി.പ്രഭാകരൻ,സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | കോക്കാട്ട് വീട്, അവിട്ടത്തൂർ പി.ഒ |
| ശ്രീമതി.എസ്.കൃഷ്ണകുമാരി,സെക്രട്ടറി | സെക്രട്ടറി,<br>മാള ഗ്രാമ പഞ്ചായത്ത് | തിരുവാതിര, കുരുമല്ലൂർ പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1986-87,87-88 | കെ.എസ്.എ.ടി.എസ്.ആർ-പി-6-605/15/02-12-2015 | |
| 1988-89,89-90 | | 24 |
| 1990-91 | | 18,24 |
| 1991-92 | | 17 |
| 1992-93 | | 4 |
| 1993-94 | | |
| 1994-95 | കെ.എസ്.എ.ടി.എസ്.ആർ-പി-6-269/116/23-02-2016 | |
| 1995-96 | | |
| 1996-97 | | |
| 1997-98 | | |

| | | |
|---|---|---|
| 1998-99 | | |
| 1999-2000 | | |
| 2000-01 | എൽ.എഫ്.ടി-9-1673/03/03-03-2003 | |
| 2001-02 | എൽ.എഫ്.ടി-9-1406/03/19-12-03 /04-03-04 | |
| 2002-03 | എൽ.എഫ്.ടി-9-650/06/11-08-06 /1-12-2006 | |
| 2003-04 | എൽ.എഫ്.ടി-9-2550/08/26-12-09 | |
| 2004-05 | എൽ.എഫ്.ടി-9-2551/08 /206-12-2009 | |
| 2005-06 | എൽ.എഫ്.ടി-9-2558/08 /26-12-2009 | |
| 2006-07 | എൽ.എഫ്.ടി-9-587/10/03-02-20114 | |
| 2007-08 മുതൽ 2010—11 വരെ | എൽ.എഫ്.ടി.പി-2-1872/12/53-3-13 /15-07-13 | |
| 2011-12 | എൽ.എഫ്.ടി.പി-2-231/13/18-14-13 /14-08-13 | |
| 2012-13 | എൽ.എഫ്.ടി.പി-6-12/14/7-6-14 /11.09-14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-പി-6-49/15/11-05-2015/11-06-2015 | |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1110/16/11.07.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ(പി6) 2228/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി .17.1.17

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P6) 2228 /16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated .17.1.17

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Varantharappilly Grama panchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varantharappilly Grama Panchayat for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTORr

District Audit Office
Thrissur